**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 495** | **27.09.2011-ൽ മറുപടിക്ക്.**

**കലാമൂല്യമുള്ള സിനിമകളെ പ്രോൽസാഹിപ്പിക്കൽ**

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. പി. തിലോത്തമൻ** | | ശ്രീ.കെ.ബി. ഗണേഷ് കുമാർ (ബഹു: വനവും വന്യജീവിയും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി). |
| (എ) കലാമൂല്യമുള്ള സിനിമകളുടെ വളർച്ചയ്ക്കായി അത്തരം സിനിമകൾ നിർമ്മിക്കുന്നവരെ പ്രോൽസാഹിപ്പിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ചെയ്യുന്നത്; ഈ സർക്കാർ അധികാരമേറ്റശേഷം നല്ല സിനിമകളെ വിനോദ നികുതിയിൽ നിന്ന് ഒഴിവാക്കുകയുണ്ടായോ എന്ന് വ്യക്തമാക്കുമോ; | (എ) | കലാമൂല്യമുള്ള സിനിമകളെ പ്രോൽസാഹിപ്പിക്കുന്നതിനായി അക്കാദമി അവാർഡുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിനു പുറമേ അന്തർദേശീയ ചലച്ചിത്രോൽസവത്തിൽ തിരഞ്ഞെടുക്കുന്ന ആ വർഷത്തെ മലയാള സിനിമകൾക്ക് ഒരു ലക്ഷം രൂപ നൽകിവരുന്നു. പുറമേ പ്രസ്തുത പ്രിന്റുകൾ വാങ്ങി അക്കാദമി ആർക്കൈവ്സിൽ സൂക്ഷിച്ച് ബന്ധപ്പെട്ടു വരുന്ന ഫെസ്റ്റിവലുകളിൽ പ്രദർശിപ്പിക്കുന്നു. മലയാള ക്ലാസിക്കൽ സിനിമ ഡി.വി.ഡി. കളുടെ കൈവശാവകാശം വാങ്ങി വിവിധ ഭാഷകളിൽ സബ്ടൈറ്റിൽ ചെയ്ത് പ്രദർശനത്തിനായി തയ്യാറാക്കുകയും ചെയ്തു വരുന്നു. കൂടാതെ കേരള സ്റ്റേറ്റ് ഫിലിം ഡവലപ്മെന്റ് കോർപ്പറേഷൻ കൂടുതൽ തീയറ്ററുകൾ നിർമ്മിക്കും .നല്ല സിനിമകൾ ചലച്ചിത്ര അക്കാഡമി വഴി തീയേറ്ററുകളിൽ എത്തിക്കാനുള്ള പദ്ധതി തയ്യാറാക്കും. വിനോദനികുതി ഒഴിവാക്കുന്ന കാര്യത്തിൽ തീരുമാനമായിട്ടില്ല. |
| **(ബി)** സംസ്ഥാനത്ത് ഇപ്പോൾ എത്ര ഫിലിം സൊസൈറ്റികൾ പ്രവർത്തിക്കുന്നുണ്ട്; ഫിലിം സൊസൈറ്റികളെ പുനരുജ്ജീവിപ്പിച്ച് നല്ല സിനിമാ സംസ്ക്കാരം പ്രചരിപ്പിക്കുവാൻ സർക്കാർ പദ്ധതിയിടുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ? | (ബി) | എഫ്.എഫ്. എസ്. ഐ (ഫിലിം ഫെഡറേഷൻ ഓഫ് ഇൻഡ്യ) യിൽ നിന്ന് ലഭിച്ച വിവരം അനുസരിച്ച് 96 ഫിലിം സൊസൈറ്റികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഫിലിം സൊസൈറ്റികളുടെ പ്രവർത്തനങ്ങൾക്കായി ഇപ്പോൾ സർക്കാർ ചലച്ചിത്ര അക്കാദമി വഴി എഫ്.എഫ്. എസ്. ഐ (ഫിലിം ഫെഡറേഷൻ ഓഫ് ഇൻഡ്യ) ക്ക് ഒരു ലക്ഷം രൂപ നൽകി വരുന്നു. നടപ്പു വർഷത്തെ ബഡ്ജറ്റിൽ എഫ്.എഫ്.എസ്.ഐ ഇൻഡ്യ-കേരള ഘടകത്തിന് 15 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ നിന്നും ആദ്യഗഡുവായി 5 ലക്ഷം രൂപ 22.09.2011-ലെ സ.ഉ.(സാധാ) 468/2011/സാം.കാ.വാ. നമ്പർ ഉത്തരവുപ്രകാരം അനുവദിച്ചു നൽകിയിട്ടുണ്ട്. |

സെക്ഷൻ ആഫീസർ